F.Y.
March 2013

**526**

Part - III

# ECONOMICS

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Give a suitable term for the given idea.
"Moving of workers from self-employment to casual wage work." (1)

2. The Government of India recently decided to sell the shares of Hindustan Copper Ltd. (HCL), a Public Sector Undertaking.
Do you think of it as a form of privatization? Name its other forms. (3)

3. You have been included in a committee of experts to suggest measures to transform the vast human resources of a country into human capital. What may be your suggestions? (3)

4. While preparing a frequency distribution, your friend is confused about inclusive and exclusive classes. Help her to distinguish between them, with examples for each. (4)

5. "Watching the reactions of the respondent can provide supplementary information." Identify the mode of data collection mentioned here. (1)

1. കൊടുത്തിരിക്കുന്ന ആശയത്തിന് അനുയോജ്യമായ പദം കണ്ടെത്തുക.
''സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും കൂലിക്കു പണിയുന്നവരിലേക്കുള്ള തൊഴിലാളികളുടെ മാറ്റം'' (1)

2. ഭാരത സർക്കാർ പൊതു മേഖല സ്ഥാപനമായ ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ (HCL) ഓഹരികൾ വിൽക്കാൻ തീരുമാനിച്ചു. ഇത് ഒരുതരം സ്വകാര്യവൽക്കരണമാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ? സ്വകാര്യവൽക്കരണത്തിന്റെ മറ്റ് രീതികൾ ഏതെല്ലാം? (3)

3. ഒരു രാജ്യത്തെ വിശാലമായ മനുഷ്യ വിഭവങ്ങളെ മനുഷ്യ മൂലധനമാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള ഒരു സമിതിയിൽ നിങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരിക്കും. (3)

4. ആവൃത്തി വിതരണത്തിന്റെ രൂപീകരണ സമയത്ത് നിങ്ങളുടെ കൂട്ടുകാരിക്ക് ഇൻക്ലൂസീവ്-എക്സ്ക്ലൂസീവ് വർഗ്ഗങ്ങളെ സംബന്ധിച്ച് സംശയം ഉണ്ടാകുന്നു. ഇവ തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം കൂട്ടുകാരിക്ക് മനസിലാക്കി കൊടുക്കുക. (4)

5. ''വിവര ദാദാവിന്റെ പ്രതികരണങ്ങൾ കാണുക വഴി അനുബന്ധ വിവരങ്ങൾ മനസിലാക്കാൻ കഴിയുന്നു.'' ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ദത്ത ശേഖരണ രീതി ഏതാണ്? (1)

6. Heights of 10 plants in a garden are given below.

| Plants | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| Height (in cm) | 10 | 18 | 20 | 25 | 30 | 32 | 35 | 40 | 45 | 50 |

a) Find the mean height.

b) State the interesting property of A.M. **(3)**

7. "The farmers of Kerala are now getting fair prices for their products through 'Vipanies' (Co-operative marketing)." List the other measures initiated by the Government as a part of the agricultural market system in India. **(3)**

8. Choose the correct boxes to suit the ideas given in (a) and (b).

a) Noncommercial energy sources

b) Nonconventional energy

1. Coal, Petroleum, Electricity
2. Solar, Wind, Tidal
3. Firewood, dried dung, agricultural waste

**(2)**

9. Tell your friend of the Science stream, why you learn Statistics along with Economics. **(2)**

6. ഒരു പൂന്തോട്ടത്തിലെ 10 ചെടികളുടെ ഉയരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

a) സമാന്തര മാധ്യ ഉയരം കാണുക.

b) സമാന്തര മാധ്യത്തിന്റെ രസകരമായ പ്രത്യേകത എഴുതുക. **(3)**

7. "കേരളത്തിലെ കർഷകർക്ക് ഇപ്പോൾ 'വിപണി'കൾ വഴി (സഹകരണ വിപണനം) അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടുന്നു."
കാർഷിക വിപണനം മെച്ചപ്പെടുത്താൻ ഭാരത സർക്കാർ കൊണ്ടുവന്നിട്ടുള്ള മറ്റ് മാർഗ്ഗങ്ങൾ ഏവ? **(3)**

8. (a), (b) എന്നിവയിൽ നൽകിയിരിക്കുന്ന കാര്യങ്ങൾക്ക് അനുയോജ്യമായ കളങ്ങൾ 1, 2, 3 എന്നിവയിൽ നിന്നും കണ്ടെത്തുക.

a) വാണിജ്യേതര ഊർജ്ജം.

b) പാരമ്പര്യേതര ഊർജ്ജം.

1) കൽക്കരി, പെട്രോൾ, വൈദ്യുതി.

2) സൗരോർജ്ജം, കാറ്റ്, തിരമാല.

3) വിറക്, ഉണക്കച്ചാണകം, കാർഷിക അവശിഷ്ടം.

**(2)**

9. സാമ്പത്തിക ശാസ്ത്രത്തിനൊപ്പം നിങ്ങൾ സ്റ്റാറ്റിസ്റ്റിക്സു പഠിക്കുന്നതിന്റെ കാരണങ്ങൾ സയൻസ് ക്ലാസിൽ പഠിക്കുന്ന നിങ്ങളുടെ കൂട്ടുകാരിയോട് പറയുക. **(2)**

10. Pick out the feature of Indian economy with respect to the occupational structure during the British rule.

(High mortality rate, growing regional variation in work force, generation of large export surplus, take root of modern industries). (1)

10. ബ്രട്ടീഷ് ഭരണ കാലത്തെ ഇൻഡ്യയിലെ തൊഴിൽ പരമായ ഘടനയുമായി ബന്ധപ്പെട്ട പ്രത്യേകത കണ്ടെത്തുക. (ഉയർന്ന നശ്വരത നിരക്ക്, തൊഴിൽ ശക്തിയിൽ വളരുന്ന പ്രാദേശിക വ്യതിയാനം, വൻ കയറ്റുമതി മിച്ചത്തിന്റെ സൃഷ്ടി, ആധുനിക വ്യവസായങ്ങളുടെ ആരംഭം). (1)

11. Your Economics teacher is planning to form an economic association in your school. She has to select a convener from two students. The criteria for selection is the consistency in marks of five class tests in Economics. The marks are :

11. നിങ്ങളുടെ സാമ്പത്തിക ശാസ്ത്ര അദ്ധ്യാപിക സ്കൂളിൽ ഒരു 'സാമ്പത്തിക അസോസിയേഷൻ' ഉണ്ടാക്കുന്നു. രണ്ട് വിദ്യാർത്ഥികളിൽ നിന്നും ഒരാളെ കൺവീനറായി തെരഞ്ഞെടുക്കണം. സാമ്പത്തിക ശാസ്ത്രത്തിലെ അഞ്ച് ക്ലാസ് പരീക്ഷകൾക്ക് മാർക്കിൽ സ്ഥിരത നേടിയ ആളായിരിക്കണം കൺവീനർ.

മാർക്കുകൾ:

| Class tests | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| Jyothi | 40 | 38 | 45 | 40 | 37 |
| Amrutha | 38 | 40 | 49 | 43 | 35 |

Who will be selected as the convener?

(Hint : State the answer by finding SD and CV). (8)

കൺവീനറായി ആരെ തെരഞ്ഞെടുക്കും?

(സൂചന : SD, CV എന്നിവ കണ്ടെത്തി ഉത്തരം എഴുതുക) (8)

**OR**

Prepare a seminar paper on the various absolute and relative measures of dispersion.

**അല്ലെങ്കിൽ**

നിരപേക്ഷവും ആപേക്ഷികവുമായ വ്യാപന അളവുകളെ സംബന്ധിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

12. You are selected as an official to assess the health status of Gambia, an African country by the WHO. Point out the indicators which you use for such as assessment. (3)

12. ഒരു ആഫ്രിക്കൻ രാജ്യമായ ഗാംബിയയിലെ ആരോഗ്യ രംഗം വിലയിരുത്താനുള്ള ഒരു ഉദ്യോഗസ്ഥനായി നിങ്ങളെ ലോക ആരോഗ്യ സംഘടന തെരഞ്ഞെടുത്തു. വിലയിരുത്തലിനായി നിങ്ങൾ ഉപയോഗിക്കുന്ന സൂചകങ്ങൾ എന്തെല്ലാം ആയിരിക്കും. (3)

13. Make four pairs from the following

(Dadabhai Naoroji, NABARD, social medicine, National Planning Commission of India, poverty line, the official data on poverty, rural finance, spread of health literacy).

a)

b)

c)


d) **(4)**

14. You are asked to conduct a survey regarding the role of the National Rural Employment Guarantee Scheme in eradicating poverty in Kerala.

a) Which method would you use to collect data : census or sample?

b) Suggest any two merits of that method. **(2)**

15. Athira plotted the values of two variables $X$ and $Y$ in a scatter diagram as follows. The nature of correlation here is ..............




a) Perfect positive

b) Perfect negative

c) Positive

d) Negative **(1)**

**13.** താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും നാല് ജോഡികളെ സ്രഷ്ടിക്കുക. (ദാദാഭായ് നവ്റോജി, നബാർഡ്, സാമൂഹ്യ ഔഷധം, ഭാരതത്തിലെ ദേശീയ ആസൂത്രണ കമ്മീഷൻ, ദാരിദ്ര്യ രേഖ, ദാരിദ്ര്യത്തെ സംബന്ധിച്ച ഔദ്യോഗിക ദത്തം, ഗ്രാമീണ ധനകാര്യം, ആരോഗ്യ സാക്ഷരതയുടെ വ്യാപനം).

a)

b)

c)


d) **(4)**

**14.** കേരളത്തിലെ ദാരിദ്ര്യ നിർമാർജ്ജനത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക് എന്ന വിഷയത്തിൽ ഒരു സർവ്വേ നടത്താൻ നിങ്ങളോട് ആവശ്യപ്പെടുന്നു.

a) ദത്ത ശേഖരണത്തിന് നിങ്ങൾ അവലംബിക്കുന്ന മാർഗ്ഗം ഏത്– സെൻസസോ, സാമ്പിളോ?

b) പ്രസ്തുത മാർഗ്ഗത്തിന്റ ഏതെങ്കിലും രണ്ട് ഗുണങ്ങൾ എഴുതുക. **(2)**

**15.** ആതിര $X$, $Y$ എന്നീ ചരങ്ങളുടെ മൂല്യങ്ങൾ ഒരു പ്രകീർണന ചിത്രത്തിൽ താഴെ കാണിച്ചിരിക്കും പോലെ രേഖപ്പെടുത്തി. ഏത് തരം സഹബന്ധമാണിത്?




a) പൂർണ്ണ പോസിറ്റീവ്

b) പൂർണ്ണ നെഗറ്റീവ്

c) പോസിറ്റീവ്

d) നെഗറ്റീവ് **(1)**

**16.** While participating in a debate, your friend says, "The introduction of the railway in India by the British is one of their important contributions." Express your view with justification. **(2)**

**17.** While explaining the parts of a table, your teacher says, "It narrates the content of the table. It has to be very clear and brief."
Identify the part of the table mentioned here. **(1)**

**18.** "Globalization is a strategy of developed countries to expand their markets in other countries."
Do you agree with this statement? Justify. **(2)**

**19.** The marks secured by 60 students in an examination are given below.

**16.** ഒരു ഡിബേറ്റിൽ പങ്കെടുത്തുകൊണ്ട് നിങ്ങളുടെ കൂട്ടുകാരി പറയുന്നു, 'ബ്രിട്ടീഷ്കാർ ഭാരതത്തിൽ റെയിൽവേ കൊണ്ടുവന്നത് അവരുടെ ഏറ്റവും നല്ല ഒരു സംഭാവനയാണ്.' നിങ്ങളുടെ അഭിപ്രായം ന്യായീകരണത്തോടെ രേഖപ്പെടുത്തുക. **(2)**

**17.** പട്ടികയുടെ ഭാഗങ്ങൾ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ധ്യാപിക, "ഇത് പട്ടികയുടെ ഉള്ളടക്കം കാണിക്കുന്നു. ഇത് വളരെ വ്യക്തവും ചെറുതും ആയിരിക്കണം."
ഇവിടെ സൂചിപ്പിച്ചിരിക്കുന്ന പട്ടികാഭാഗം ഏതാണ്? **(1)**

**18** "ആഗോളവൽക്കരണം എന്നത് മറ്റ് രാജ്യങ്ങളിലേക്ക് തങ്ങളുടെ വിപണി വർദ്ധിപ്പിക്കുവാനുള്ള വികസിത രാജ്യങ്ങളുടെ ഒരു തന്ത്രമാണ്." ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉത്തരം ന്യായീകരിക്കുക. **(2)**

**19.** ഒരു ക്ലാസിലെ 60 കുട്ടികൾ ഒരു പരീക്ഷയിൽ നേടിയ മാർക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

| Marks | 0–10 | 10–20 | 20–30 | 30–40 | 40–50 | 50–60 |
|---|---|---|---|---|---|---|
| No. of students | 2 | 9 | 14 | 20 | 10 | 5 |

a) Prepare the schedules for less than and more than ogive.
b) Draw them.
c) Locate the median graphically. **(5)**

**20.** "Many developed countries were finding it difficult to maintain a growth rate of even 5%. China was able to maintain a near double-digit growth for more than two decades."
Can you point out the main strategies adopted by China to attain this? **(5)**

a) ലഘു സഞ്ചിത – ഗുരു സഞ്ചിത പട്ടികകൾ തയ്യാറാക്കുക.
b) അവ ചിത്രീകരിക്കുക.
c) ചിത്രത്തിലെ മീഡിയൻ കണ്ടെത്തുക. **(5)**

**20.** "മിക്ക വികസിത രാജ്യങ്ങളും കേവലം 5% വളർച്ചാ നിരക്ക് കൈവരിക്കുവാൻ പ്രയാസപ്പെടുമ്പോൾ, രണ്ട് ദശാബ്ദത്തിൽ കൂടുതൽ കാലം രണ്ടക്ക വളർച്ചാ നിരക്കിനടുത്ത് കൈവരിക്കാൻ ചൈനയ്ക്ക് കഴിഞ്ഞു."
ഈ നേട്ടം കൈവരിക്കാൻ ചൈന സ്വീകരിച്ച വിവിധ തന്ത്രങ്ങൾ സൂചിപ്പിക്കുക. **(5)**

**21.** Complete the table. **(2)**

**21.** പട്ടിക പൂർത്തീകരിക്കുക. **(2)**

| Sr. No. നമ്പർ | Name of the Index Number സൂചകാങ്കം | Uses of the Index Number ഉപയോഗം |
|---|---|---|
| 1. | .................. | Wage negotiation, formulation of income and price policies, taxation etc. കൂലി നിർണ്ണയം, വേതന നയം, നികുതി നയം, വില നയം, എന്നിവയുടെ രൂപീകരണം. |
| 2. | .................. | Measure of the rate of inflation പണപ്പെരുപ്പത്തിന്റെ നിരക്ക് കണക്കാക്കൽ |

**22.** "During the colonial rule there was neither growth nor equity in the agricultural sector."

a) Name the two measures adopted by the policy makers of independent India to resolve this.

b) State the features of any one. **(3)**

**22.** ''കോളനി വാഴ്ചക്കാലത്ത് ഇൻഡ്യൻ കാർഷിക മേഖലയിൽ വളർച്ചയോ, തുല്യതയോ ഇല്ലായിരുന്നു.''

a) ഇത് പരിഹരിക്കുന്നതിനായി സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികൾ സ്വീകരിച്ച രണ്ട് നടപടികൾ ഏവ?

b) ഏതെങ്കിലും ഒന്നിന്റെ പ്രത്യേകതകൾ എഴുതുക. **(3)**

**23.** The concept of sustainable development is getting importance today. Can you prepare a seminar paper on the various strategies of sustainable development? **(8)**

**OR**

Prepare a report regarding the challenges in India's environment.

**23.** സുസ്ഥിര വികസനം എന്നത് ഇന്ന് ഏറെ പ്രാധാന്യം നേടിക്കൊണ്ടിരിക്കുന്ന ഒരു ആശയമാണ്. സുസ്ഥിര വികസനം സാദ്ധ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് നിങ്ങൾക്ക് ഒരു സെമിനാർ പേപ്പർ തയ്യാറാക്കാമോ? **(8)**

**അല്ലെങ്കിൽ**

ഇൻഡ്യയുടെ പരിസ്ഥിതി നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

**24.** The ranks given by two judges to the six participants of the Kuchipudi competition in the Subdistrict School Kalolsavam, 2012 are

**24.** 2012 ലെ ഒരു ഉപജില്ലാ സ്കൂൾ കലോൽസവത്തിൽ കുച്ചിപ്പുടി മൽസരത്തിൽ പങ്കെടുത്ത ആറ് മൽസരാർത്ഥികൾക്ക് രണ്ട് ജഡ്ജിമാർ നൽകിയ മാർക്കാണ് ചുവടെ നൽകിയിരിക്കുന്നത്.

| | | | | | | |
|---|---|---|---|---|---|---|
| Judge I | 2 | 1 | 3 | 5 | 6 | 4 |
| Judge II | 1 | 2 | 4 | 5 | 6 | 3 |

Find the correlation between the two judgements. **(4)**

രണ്ട് ജഡ്ജിമാരുടെ വിധിയിൽ വന്നിട്ടുള്ള സഹബന്ധം കണ്ടെത്തുക. **(4)**

25. Ashna made the following statement.

"Arithmetic mean is always between the median and the mode."

Correct the statement if it is wrong. **(1)**

26. In a survey, the monthly income of 230 families in a village was found as follows :

| Income (in Rs.) | No. of families |
|---|---|
| More than 1,000 | 250 |
| ........"........ 2,000 | 220 |
| ........"........ 3,000 | 200 |
| ........"........ 4,000 | 175 |
| ........"........ 5,000 | 150 |
| ........"........ 6,000 | 105 |
| ........"........ 7,000 | 70 |
| ........"........ 8,000 | 60 |
| ........"........ 9,000 | 40 |
| ........"........ 10,000 | 20 |

Find the model income. **(4)**

27. You are asked to prepare a project report on the functioning of Self-Help Groups (SHGs) in Kerala. If so :

a) Write two target groups from whom the data is to be collected.

b) Write the two types of data collection for this purpose. **(2)**

25. ആഷ്ന യുടെ പ്രസ്താവന താഴെ കൊടുക്കുന്നു.
''സമാന്തര മാധ്യം എപ്പോഴും മാധ്യകത്തിനും ബഹുലകത്തിന്നും ഇടയിലായിരിക്കും''
''ഈ പ്രസ്താവനയിൽ തെറ്റ് ഉണ്ടെങ്കിൽ തിരുത്തുക. **(1)**

26. ഒരു ഗൃഹത്തിൽ നടത്തിയ സർവ്വേയിൽ 230 കുടുംബങ്ങളിലെ വരുമാനം താഴെപറയും പ്രകാരം കണ്ടെത്തി.

| വരുമാനം (രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1,000 ത്തിൽ കൂടുതൽ | 250 |
| 2,000 ........."........... | 220 |
| 3,000 ........."........... | 200 |
| 4,000 ........."........... | 175 |
| 5,000 ........."........... | 150 |
| 6,000 ........."........... | 105 |
| 7,000 ........."........... | 70 |
| 8,000 ........."........... | 60 |
| 9,000 ........."........... | 40 |
| 10,000 ......."........ | 20 |

ബഹുലക വരുമാനം കണ്ടെത്തുക. **(4)**

27. കേരളത്തിലെ സ്വയം സഹായ സംഘങ്ങളുടെ പ്രർത്തനങ്ങളെ സംബന്ധിച്ച് ഒരു പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. എങ്കിൽ:

a) ഈ ആവശ്യത്തിനായി പഠന വിധേയമാക്കണ്ട ഏതെങ്കിലും രണ്ട് ഗ്രൂപ്പുകൾ എഴുതുക.

b) ദത്ത ശേഖരണത്തിനുള്ള രണ്ട് മാർഗ്ഗങ്ങൾ നിശ്ചയിക്കുക. **(2)**